പ്രതികരണം

# സ്നേഹതാരകത്തെ കല്ലെറിയുന്നവർ

ബാവ കെ. പാലുകുന്ന് വയനാട്

ഖബറടക്കത്തിന് മുമ്പും പിമ്പും വന്ന പ്രതികരണങ്ങളിലും ചിലരുടെ ഉള്ളിലിരുപ്പ് തെളിഞ്ഞുകണ്ടു. യുക്തിവാദിയും വർഗീയവാദിയുമെല്ലാം അക്കാര്യത്തിൽ ഐക്യനിര തീർത്തതിന് മലയാളക്കര സാക്ഷി!

**നാലപ്പാട്ടെ** നീർമാതളത്തിന്റെ സുഗന്ധം മലയാള കഥയിലേക്കാവാഹിച്ച കമലാസുറയ്യയെ മരണാനന്തരവും വേട്ടയാടാൻ ചിലർ ഒരുങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. ജനിച്ചുവീണ തറവാടും പതിറ്റാണ്ടുകളോളം പിന്തുടർന്ന വിശ്വാസാചാരങ്ങളും ഉപേക്ഷിച്ച് കമല ഇസ്‌ലാമിനെ വരിച്ചത് അന്നും പലർക്കും ദഹിച്ചിരുന്നില്ല. സംഘ്പരിവാർ ബുദ്ധിജീവികളും, ഒരുവേള അവർക്കു വേണ്ടി താമര വിരിയിക്കാൻ മോഹിച്ചുനടന്ന പുനത്തിൽ കുഞ്ഞബ്ദുല്ലയുമൊക്കെ മതംമാറ്റത്തിനെതിരെ വിമർശനശരവുമായി രംഗത്തെത്തി. മാധവിക്കുട്ടിയുടേത് 'സർവകലാശാലയിൽനിന്ന് പള്ളിക്കൂടത്തിലേക്കുള്ള മാറ്റമാണ്' എന്നായിരുന്നു കുഞ്ഞബ്ദുല്ലയുടെ കണ്ടുപിടുത്തം.

മതംമാറുന്നതുവരെ മാധവിക്കുട്ടിയിലോ അവരുടെ കൃതികളിലോ ഒരു കുഴപ്പവും കാണാതിരുന്ന പി. പരമേശ്വരനെപ്പോലുള്ളവർക്ക് അന്നു തുടങ്ങിയ വിമ്മിട്ടം പിന്നീട് ശമിച്ചതേയില്ല! ഭാഷാ പിതാവായ എഴുത്തച്ഛന്റെ പേരിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരം സുറയ്യക്ക് നൽകിയത് പരമേശ്വരാദികളെ വല്ലാതെ വിറളി പിടിപ്പിച്ചു. അതിനെതിരെ നെടുങ്കൻ പ്രസ്താവനകളും പ്രതിഷേധക്കുറിപ്പുകളുമായി പത്രാപ്പീസുകളിൽ തപസ്സിരുന്നു.

പിന്നീട് നാം കാണുന്നത് 'സത്യം, സമത്വം, സ്വാതന്ത്ര്യം' എന്ന് നെറുകയിലെഴുതിവെച്ച ഒരു മുത്തശ്ശിപ്പത്രത്തിൽ കമലയുടേതായി വന്ന അഭിമുഖമാണ്. അതിന്റെ വാരാന്തപ്പതിപ്പിൽ 'മതം മടുത്തു' എന്ന ശീർഷകത്തിനു താഴെ വായിച്ചത് ഇങ്ങനെ: "മതമൊക്കെ എനിക്ക് മടുത്തു. ഇപ്പൊ ഒരു മതത്തിലും എനിക്ക് വിശ്വാസോല്യ. പ്രേമിക്കാൻ സ്വാതന്ത്ര്യല്യാത്ത ഒരു മതോം എനിക്കു വേണ്ട. മതോക്കെ വിട്ട് ദൈവത്തോടിപ്പോ പൂർണ വിശ്വാസായി. ഈ ഭൂമിയിൽ ആടിനേം മനുഷ്യനേം ചന്ദ്രനേം പാമ്പിനേം സൃഷ്ടിച്ച ആ ഏക ദൈവത്തോടാ എനിക്ക് വിശ്വാസം. ഏതായാലും ഒരു മതം സ്വീകരിച്ചു. പാവം മുസ്‌ലിംകളെ എന്തിനാണ് ഇനി വേദനിപ്പിക്കണേ? സുരയ്യ ഞങ്ങളെ വിട്ടൂന്ന് പറയില്ലേ? പാവല്ലേ.........?"

അഭിമുഖം വായിച്ച് പലരും കോൾമയിർ കൊണ്ടു. അവ മൊഴിമുത്തുകളായി പലതവണ ഉദ്ധരിക്കപ്പെട്ടു. അവരുടെ മരണശേഷം ജൂൺ ഏഴിന് പുറത്തിറങ്ങിയ അതേ പത്രത്തിന്റെ വാരാന്തപ്പതിപ്പിൽ ആ വാക്കുകൾ വീണ്ടും പ്രത്യക്ഷപ്പെട്ടു.

തന്റേതായി വന്ന അഭിമുഖം വ്യാജമാണെന്നും അതിൽ സൂചിപ്പിച്ചതൊക്കെ വെറും നുണമാത്രമാണെന്നും കമല തുറന്നടിച്ചത് ബോധപൂർവം കണ്ടില്ലെന്നു നടിച്ചു. ഡോ. അസീസ് തരുവണയുമായി നടത്തിയ സംഭാഷണത്തിൽ അവർ വെളിപ്പെടുത്തുന്നതു നോക്കുക: "ഈയിടെ *മാതൃഭൂമി*യിൽനിന്ന് ഒരു പയ്യൻ ഇവിടെ വന്നു. അടുക്കളയിലുള്ള വേലക്കാരികളോട് എന്തൊക്കെയോ ചോദിച്ചു. ഞാനാകട്ടെ അന്നു തീരെ വയ്യാതെ കിടക്കുകയാണ്. എന്നിട്ട് ജോലിക്കാരികൾ പറഞ്ഞതും പറയാത്തതും, ഞാൻ പറഞ്ഞുവെന്ന വ്യാജേന പ്രസിദ്ധീകരിച്ചു. സുറയ്യ ഹിന്ദുവാകാൻ പോകുന്നു, മതം മടുത്തു എന്നൊക്കെയാണ് അതിൽ എഴുതിപ്പിടിപ്പിച്ചത്. ഒപ്പം പൊട്ടുതൊട്ടു നിൽക്കുന്ന പഴയ ഫോട്ടോകളും. എനിക്കു കഷ്ടം തോന്നി. ഞാനുമായി അങ്ങനെയൊരു ഇന്റർവ്യൂ നടന്നിട്ടേയില്ല. എന്തിനാണ് എന്റെ പേരിൽ ഇത്തരം നുണകൾ എഴുതുന്നത്? ഞാനാരെയും ദ്രോഹിക്കാറില്ല. സ്നേഹിക്കാറേയുള്ളൂ. എന്നിട്ടും എന്നെയെന്തിനിങ്ങനെ ദ്രോഹിക്കുന്നു?" (*തേജസ്* ആഴ്ചവട്ടം, 2006 ജൂലൈ 30).

ഒടുക്കം പാളയം പള്ളിക്കു സമീപമുള്ള പൂമരത്തണലിൽ 'അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസി'യായി സ്വയം വിശേഷിപ്പിച്ച സുറയ്യക്ക് അന്ത്യവിശ്രമമൊരുക്കിയത് ദഹിക്കാത്തവരുമുണ്ട്. അവരുടെ മുൻനിരയിൽ കുമ്മനവും പി. പരമേശ്വരനുമൊക്കെയുണ്ടാവുന്നത് മനസ്സിലാവും. പക്ഷേ, ചില യുക്തിവാദി നേതാക്കളെയും ഹമീദ് ചേന്ദമംഗല്ലൂരിനെപ്പോലുള്ളവരെയും അവിടെ കണ്ടു

മുട്ടുമെന്ന് ആരും പ്രതീക്ഷിച്ചിരിക്കില്ല.

*മാതൃഭൂമി* ആഴ്ചപ്പതിപ്പിലെഴുതിയ ലേഖനത്തിൽ (2009 ജൂൺ 21) സുറയ്യ തന്നെ നിഷേധിച്ച മുൻ അഭിമുഖത്തിലെ വരികൾ ഹമീദും ഉദ്ധരിക്കുന്നു. പൂനയിലെ ആശുപത്രിയിൽ സുറയ്യയെ സന്ദർശിച്ച വേളയിലുള്ള അവരുടെ പ്രതികരണം സൂചിപ്പിച്ചുകൊണ്ട് 'സ്വർഗവും അതിന്റെ ഖുർആനിക വർണനകളും അവരെ ആവേശം കൊള്ളിച്ചിരുന്നു' എന്ന ശൈഖ് മുഹമ്മദ് കാരകുന്നിന്റെ അനുഭവ സാക്ഷ്യത്തെ പുഛത്തോടെയാണ് ഹമീദ് നോക്കിക്കാണുന്നത്.! മകൻ നാലപ്പാട്ട് *പ്രബോധന*ത്തിനു നൽകിയ അഭിമുഖം വരുന്നതിന് മുമ്പാണ് ഹമീദ് ലേഖനമെഴുതിയത്. അതുകൂടി വായിച്ചതിനു ശേഷമായിരുന്നെങ്കിൽ പ്രഫസറുടെ സമനില തന്നെ തെറ്റിപ്പോകുമായിരുന്നു.

സുറയ്യയുടെ സംസ്കാരച്ചടങ്ങ് മതസൗഹാർദത്തിന്റെയും ഇസ്‌ലാമിന്റെ വിശാല വീക്ഷണത്തിന്റെയും രംഗവേദിയായി പരിണമിക്കുമെന്ന് ദൃശ്യമാധ്യമങ്ങളിലൂടെയും നേരിട്ടും അതു കാണുന്നതുവരെ പലരും കരുതിയിരിക്കുകയില്ല. അനന്തപുരിയിലെ പ്രശസ്ത മുസ്‌ലിം പള്ളിക്കകത്ത് പ്രമുഖ മുസ്‌ലിം പണ്ഡിതന്മാരോടൊപ്പം തോളുരുമ്മി നിന്ന് കമലയുടെ മക്കളായ എം.ഡി നാലപ്പാട്ടും ചിന്നൻ ദാസും ജയസൂര്യയുമെല്ലാം പ്രാർഥിക്കുന്നത്, ഖബറടക്കച്ചടങ്ങുകളിലുടനീളം അവരുടെ ബന്ധുക്കളായ സ്ത്രീകൾക്കും പുരുഷന്മാർക്കുമെല്ലാം സജീവ പങ്കാളിത്തം ലഭ്യമാകുന്നത് ഇതൊന്നും പലർക്കും സന്തോഷപ്രദമായ കാഴ്ചകളായിരുന്നില്ല.

ഖബറടക്കത്തിന് മുമ്പും പിമ്പും വന്ന പ്രതികരണങ്ങളിലും ചിലരുടെ ഉള്ളിലിരുപ്പ് തെളിഞ്ഞുകണ്ടു. യുക്തിവാദിയും വർഗീയവാദിയുമെല്ലാം അക്കാര്യത്തിൽ ഐക്യനിര തീർത്തതിന് മലയാളക്കര സാക്ഷി!

മതം മാറിയെങ്കിലും സംസ്കാരം മാറാതിരുന്ന മാധവിക്കുട്ടിയുടെ അന്ത്യകർമങ്ങൾ അവരുടെ ആഗ്രഹപ്രകാരം നടത്താതിരുന്നത് പൊറുക്കാനാകാത്ത അപരാധമാണെന്ന ഹിന്ദു ഐക്യവേദി സംസ്ഥാന സെക്രട്ടറിയുടെയും (*മാതൃഭൂമി* ജൂൺ 3), മാധവിക്കുട്ടിയെ ഒരു മതവിഭാഗത്തിന്റെ മതിൽകെട്ടിനുള്ളിൽ സംസ്കരിക്കുന്നത് ശരിയല്ലെന്ന യുക്തിവാദി സംഘം സംസ്ഥാന പ്രസിഡന്റിന്റെയും (*ദേശാഭിമാനി* ജൂൺ 2) പ്രസ്താവനകളിൽ പ്രതിഫലിച്ചത് ഒരേ വികാരംതന്നെയായിരുന്നു. അമ്മയുടെ ആഗ്രഹപ്രകാരം അവർ സ്വീകരിച്ച മതവിശ്വാസമനുസരിച്ചാണ് സംസ്കാര ചടങ്ങുകൾ നടത്തിയതെന്ന മകന്റെ പ്രസ്താവനയൊന്നും ഈ 'പ്രതികരണ വിദഗ്ധരെ' തൃപ്തിപ്പെടുത്താത്തതിൽ അത്ഭുതമില്ല.

സുറയ്യയെ മതത്തിന് പിടികിട്ടില്ലെന്നും, മാധവിക്കുട്ടിയിൽനിന്ന് അവർ ഒന്നും പഠിച്ചില്ലെന്നും ഇപ്പോഴും വിലപിക്കുന്നവരെ നമുക്ക് വിസ്മരിക്കാം. ജീവിതാന്ത്യംവരെ പരമമായ സ്നേഹത്തെക്കുറിച്ച് പാടിയും പറഞ്ഞും ശാശ്വത സത്യത്തിൽ വിലയം പ്രാപിച്ച സുറയ്യയുടെ ആത്മാവ് അവരോട് പൊറുക്കട്ടെ.

"സ്നേഹവായ്പിന്റെ അടയാളങ്ങൾ തേടി
എത്ര കാതങ്ങൾ ഞാൻ പറന്നു.
മുറിവുള്ള ചിറകുകളുമായി
ഒടുവിൽ നിന്റെ വിളകളിൽ
ഞാൻ വീണു.
നിന്റെ അദൃശ്യങ്ങളായ പാദങ്ങളിൽ
മുഖം താഴ്ത്തി.
ഓ കാരുണ്യവാനായ അല്ലാഹു;
എനിക്കിനി മറ്റൊന്നും വേണ്ട
നീയാണ് വിശപ്പും
വിശപ്പടക്കാനുള്ള കനിയും
നീയാണ് ദാഹവും ദാഹജലവും
യാ അല്ലാഹ്...
സുറയ്യ ഇന്ന് സുരക്ഷിത"
(*വെട്ടുകിളികൾ*, സുറയ്യ) ■